# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) രാജ്യത്തെ പരമോന്നത ബഹുമതികളായ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിതരണം ചെയ്യും.

**President Droupadi Murmu will present the Padma Awards at the second Civil Investiture Ceremony at Rashtrapati Bhavan this evening.**

2.) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ അയ്യായിരത്തി 536 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

**Prime Minister Narendra Modi will inaugurate and lay the foundation stone for a slew of development projects worth 5,536 crore rupees in Gandhinagar, Gujarat today.**

3.) കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. മൂന്ന് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത ; കനത്ത മഴയിലും കാറ്റിലും വിവിധ ജില്ലകളിൽ വൻ നാശനഷ്ടം.

**Monsoon is gaining strength in Kerala. Red alert in three districts today; Heavy rain and wind cause extensive damage in various districts.**

4.) പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മത്സരശേഷി വർദ്ധിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh has said that the government is committed in enhancing the competitiveness of defense public sector undertakings.**

5.) ഐ.പി.എൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി, പഞ്ചാബ് കിങ്സ് ഒന്നാം ക്വാളിഫയർ യോഗ്യത നേടി.

**In IPL T20 Cricket, Punjab Kings secured a Qualifier 1 berth after beating Mumbai Indians.**

&&&&&&&&&&&&&&&&&

## PREZ PADMA AWARDS

രാജ്യത്തെ പരമോന്നത ബഹുമതികളായ പത്മ പുരാസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിതരണം ചെയ്യും. ഇന്ന് വൈകുന്നേരം രാഷ്ട്രപതി ഭവനിൽ നടക്കുന്ന രണ്ടാമത് സിവിൽ ഇൻവെസ്റ്റിച്ചർ ചടങ്ങിലാണ് പത്മ വിഭൂഷൺ, പത്മ ഭൂഷൺ, പത്മ ശ്രീ എന്നീ വിഭാഗങ്ങളിലെ 68 പുരാസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിക്കുന്നത്. ഈ വർഷം പ്രഖ്യാപിച്ച 139 പത്മ പുരാസ്കാരങ്ങളിൽ 71 എണ്ണം നേരത്തെ നടന്ന ആദ്യ സിവിൽ ഇൻവെസ്റ്റിച്ചർ ചടങ്ങിൽ രാഷ്ട്രപതി സമ്മാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## PM-GUJARAT VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിലെ മഹാത്മാ മന്ദിറിൽ അയ്യായിരത്തി 536 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കും.

നഗരവികസനം, അടിസ്ഥാന സൗകര്യങ്ങൾ, ജലവിഭവ വികസനം, ആരോഗ്യ സംരക്ഷണം, റവന്യൂ സേവനങ്ങൾ എന്നിവയുൾപ്പെടെ പ്രധാന മേഖലകളിൽപ്പെട്ട പദ്ധതികൾക്കാണ് തുടക്കമിടുന്നത്. ഗുജറാത്ത് നഗരവളർച്ചയുടെ 20 വർഷത്തെ സ്മരണയ്ക്കായി ഗാന്ധിനഗറിൽ നടക്കുന്ന പ്രത്യേക പരിപാടിയിലും പ്രധാനമന്ത്രി പങ്കെടുക്കും. ആസൂത്രിതമായ അടിസ്ഥാന സൗകര്യങ്ങൾ, മികച്ച ഭരണം, മെച്ചപ്പെട്ട ജീവിത നിലവാരം എന്നിവയിലൂടെ ഗുജറാത്തിന്റെ നഗര ഭൂപ്രകൃതിയെ പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ, നരേന്ദ്രമോദി മുഖ്യമന്ത്രിയായിരുന്ന 2005 ൽ തുടങ്ങിയ പരിപാടിയുടെ രണ്ട് പതിറ്റാണ്ടുകളുടെ ആഘോഷമാണ് നടക്കുക.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## SHIV SENA MP SHRIKANT SHINDE (INTRO)

പാകിസ്ഥാൻ പിന്തുണയോടെ നടക്കുന്ന ഭീകരവാദത്തിന് എതിരെ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനുളള സർവകക്ഷി പ്രതിനിധി സംഘത്തിന്റെ വിദേശപര്യടനം തുടരുന്നു. ഏഴ് സർവകക്ഷി പ്രതിനിധി സംഘങ്ങളെയാണ് 32 രാജ്യങ്ങളിലേക്ക് നിയോഗിച്ചിരിക്കുന്നത്. ശിവസേന എം.പി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം കോംഗോ വിദേശകാര്യ സഹമന്ത്രി തെരേസ് വാഗ്നറെ കണ്ടു. ഭീകരതയെ പിന്തുണയ്ക്കുന്ന ഒരു രാജ്യവുമായി വ്യാപാരമോ ചർച്ചയോ നടത്തില്ലെന്നും ഭീകരതയ്ക്ക് എതിരെ ഇന്ത്യയുടെ പോരാട്ടം തുടരുമെന്നും ഷിൻഡെ വ്യക്തമാക്കി.

(ഹോൾഡ് -വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## RAJNATH-REVIEW

പ്രതിരോധ വ്യവസായ അടിത്തറ ശക്തിപ്പെടുത്തുന്നതിനും പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇന്നലെ നടന്ന യോഗത്തിൽ 8 പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം അദ്ദേഹം അവലോകനം ചെയ്തു. ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ സായുധ സേനയുടെ തയ്യാറെടുപ്പ് പ്രകടമാക്കിയ പ്ലാറ്റ്ഫോമുകളും സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ പ്രതിരോധ വ്യവസായത്തിന്റെയും പങ്കിനെ യോഗത്തിൽ മന്ത്രി പ്രശംസിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. അടുത്ത നാലു ദിവസം ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ,മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഓറഞ്ചും മറ്റ് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 30 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ലെന്നും മുന്നറിയിപ്പ്. വയനാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. കർണാടക, ഗോവ, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## RAIN DESTRUCTION

ശക്തമായ മഴയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ കനത്ത നാശനഷ്ടം. പലയിടങ്ങളിലും റോഡിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. പ്രധാന നദികളിൽ എല്ലാം ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് ഉണ്ട്. റെയിൽപാളങ്ങളിൽ വെള്ളം കയറിയും മരം ഒടിഞ്ഞുവീണും ട്രെയിൻ ഗതാഗതം ഭാഗികമായി തടസ്സപ്പെട്ടു. നിരവധി ട്രെയിനുകൾ വൈകിയാണ് ഓടുന്നത്.

അതി തീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ റവന്യു മന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. പൊതുജനങ്ങൾക്ക് 0471 - 25 18 655 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## IMC-2025 THEME- SCINDIA (INTRO)

ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ 9-ാമത് പതിപ്പിന്റെ പ്രമേയം കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ഇന്നലെ പ്രകാശനം ചെയ്തു. പരിവർത്തനത്തിനായി നവീകരിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. സേവനത്തോടൊപ്പം ഉത്പാദനവും ഇന്ത്യയിൽ നിന്നുണ്ടാകുമെന്ന് ഉറപ്പുവരുത്താൻ നവീകരണത്തിന്റെ നിർണായക പങ്ക് ഈ വർഷത്തെ പ്രമേയം എടുത്തുകാണിക്കുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## MISRI-USA

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ മൂന്ന് ദിവസത്തെ യു.എസ്.എ സന്ദർശനം ഇന്ന് ആരംഭിക്കും. യു.എസ് ഭരണകൂടത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി വാഷിംഗ്ടൺ ഡി.സിയിൽ അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഈ വർഷം ഫെബ്രുവരിയിൽ പ്രധാനമന്ത്രി നടത്തിയ അമേരിക്കൻ സന്ദർശനത്തിന്റെ തുടർച്ചയായാണ് മിസ്രിയുടെ സന്ദർശനം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## RAJYA SABHA ELECTIONS

തമിഴ്നാട്, അസം സംസ്ഥാനങ്ങളിൽ ഒഴിവു വരുന്ന എട്ട് രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്തമാസം 19 ന് നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ. അടുത്ത മാസം രണ്ടിന് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തിറങ്ങും. 9-ാം തീയതി വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## CONTAINER - ALERT

കേരളത്തിന്റെ സമുദ്രാതിർത്തിയിൽ കപ്പൽ മുങ്ങിയതുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ വിലയിരുത്തി. നിരവധി കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. ആശങ്കപ്പെടേണ്ടതില്ലെന്നും എന്നാൽ അപൂർവ വസ്തുക്കൾ, കണ്ടെയ്നർ എന്നിവ കണ്ടാൽ തൊടരുതെന്നും, അടുത്ത് കൂട്ടം കൂടരുതെന്നും, 200 മീറ്റർ എങ്കിലും അകലം പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിച്ചാൽ 112 എന്ന നമ്പറിൽ അറിയിക്കണം. കപ്പൽ മുങ്ങിയ സ്ഥലത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ ദൂരപരിധിയിൽ മത്സ്യബന്ധനം നടത്തരുതെന്നും നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## CONTAINERS AT KLM COASTAL AREA (INTRO)

കൊല്ലം ജില്ലയുടെ തീരത്തടിഞ്ഞ കണ്ടെയ്നറുകൾ കൊല്ലം പോർട്ടിലേക്ക് മാറ്റും. കണ്ടെയ്നറുകളിൽ അപകടരമായ വസ്തുക്കൾ ഇല്ലെന്ന് കസ്റ്റംസ് സ്ഥിരീകരിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ.....**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി പഞ്ചാബ് കിങ്സ് ഒന്നാം ക്വാളിഫയർ യോഗ്യത നേടി. മുംബൈയെ 7 വിക്കറ്റിനാണ് പഞ്ചാബ് പരാജയപ്പെടുത്തിയത്. ഇതോടെ പോയിന്റ് പട്ടികയിൽ പഞ്ചാബ് ഒന്നാം സ്ഥാനത്തെത്തി. ഇന്ന് നടക്കുന്ന മത്സരത്തിൽ ലക്നൗ സൂപ്പർ ജെയ്ന്റ്സ് , റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ലക്നൗവിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## PREZ-DINNER

ഇന്ത്യയുടെ പുതിയ ചീഫ് ജസ്റ്റിസ്സായി ചുമതലേയേറ്റ ജസ്റ്റിസ് B.R.ഗവായിക്കായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ രാഷ്ട്രപതി ഭവനിൽ അത്താഴവിരുന്ന് ഒരുക്കി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രി അർജുൻ റാം

മേഘ്‌വാൾ, ഉൾപ്പെടെയുള്ള പ്രമുഖർ അത്താഴവിരുന്നിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## BYELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ ആര്യാടൻ ഷൗക്കത്തിനെ UDF സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഇത് സംബന്ധിച്ച പ്രസ്താവന പുറത്തിറക്കി. സ്ഥാനാർഥി നിർണയത്തിനായി രാഷ്ട്രീയ പാർട്ടികളിൽ തിരക്കിട്ട ചർച്ചകൾ തുടരുകയാണ്. നിലമ്പൂർ ഉൾപ്പെടെ രാജ്യത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം 19 ന് നടക്കും. 23 ന് ആണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## WORLD PARA ATHLETICS

സ്വിറ്റ്സർലൻഡിൽ നടന്ന വേൾഡ് പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രീയിൽ പുരുഷന്മാരുടെ F42 ജാവലിൻ വിഭാഗത്തിൽ 61.17 മീറ്റർ എറിഞ്ഞ് ഇന്ത്യൻ പാര അത്‌ലറ്റ് മഹേന്ദ്ര ഗുർജാർ പുതിയ ലോക റെക്കോർഡ് സ്ഥാപിച്ചു. ഈ ഇനത്തിൽ ഏഷ്യയിലെ ഏറ്റവും മികച്ച റാങ്കുള്ള അത്‌ലറ്റാണ് ഗുർജാർ. പാരാലിമ്പിക്സിൽ ഇരട്ട സ്വർണ മെഡൽ ജേതാവായ സുമിത് ആന്റിൽ, F64 ജാവലിൻ ഇനത്തിൽ എറിഞ്ഞ് സ്വർണ്ണം നേടി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## COVID-DELHI

രാജ്യത്തെ കോവിഡ് സ്ഥിതിഗതികൾ കേന്ദ്രം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ഡയറക്ടർ ജനറൽ ഡോ. രാജീവ് ബഹൽ. കോവിഡ് കേസുകളുടെ എണ്ണം വർധിക്കുന്ന

സാഹചര്യത്തിൽ നിലവിൽ പരിഭ്രാന്തരാകേണ്ട കാര്യമില്ലെങ്കിലും ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഏത് അടിയന്തിര സാഹചര്യവും നേരിടാൻ രാജ്യത്തിന്റെ ആരോഗ്യ സംവിധാനങ്ങൾ പൂർണ സജ്ജമാണെന്നും ശ്രീ രാജീവ് ബഹൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&